(ഇ) റവന്യൂ വകുപ്പിലെ ടൈപ്പിസ്റ്റുമാരുടെ സംസ്ഥാനതല സംവിധാനം നടപ്പിൽ വരുത്തുന്നതിനുള്ള കരട് ചട്ടങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്.

(എഫ്) ഇക്കാര്യം പരിശോധിച്ചുവരുന്നതേയുള്ളൂ.

മൈത്രീ ഭവന പദ്ധതി പ്രകാരം വീട് നൽകാതിരുന്നവരുടെ തുക തിരികെ നൽകുന്ന നടപടി

33 [629] ശ്രീ. ടി. കെ. ദേവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൈത്രീ ഭവന പദ്ധതി പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഹൗസിംഗ് ബോർഡിൽ അടച്ച തുകയിൽ വീട് നൽകാതിരുന്നവരുടെ തുക 2004-ൽ തിരികെ നൽകാമെന്ന തീരുമാനം നടപ്പിലാക്കിയോ ;

(ബി) എങ്കിൽ ഓരോ ജില്ലയിലും എത്രപേർക്ക് പണം തിരികെ നൽകാനുണ്ട് എന്നും എത്രപേർക്ക് നാളിതുവരെ നൽകിയെന്നും വ്യക്തമാക്കുമോ ;

(സി) ആലപ്പുഴ ജില്ലാ പഞ്ചായത്തിന് ഈ ഇനത്തിൽ തിരികെ നൽകാനുള്ള തുക നൽകിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ പണം തിരികെ നൽകുന്നതിനുള്ള നടപടി എവിടെവരെയായി എന്നും എന്നത്തേക്ക് നൽകാൻ കഴിയുമെന്നും വ്യക്തമാക്കുമോ ;

ഉത്തരം

(എ) ഇല്ല.

(ബി) പണം തിരിച്ചു നൽകാനുള്ളതിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം ആയി ചേർത്തിട്ടുണ്ട്.† കോഴിക്കോട് ജില്ലയിലെ ഉണ്ണിക്കുളം ഗ്രാമപഞ്ചായത്തിലെ 89 ഗുണഭോക്താക്കളുടെ നിക്ഷേപതുകയായ 10 ലക്ഷം രൂപ 18-9-2004-ൽ തിരികെ നൽകിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിക്ഷേപതുക തിരികെ നൽകുവാനുള്ള തുക സംസ്ഥാന ബഡ്ജറ്റിൽ വക കൊള്ളിച്ചതിനു ശേഷം അനുവദിക്കുന്നതാണ്.

ഹൗസിംഗ് ബോർഡിൽ നിന്ന് വായ്പയെടുത്തിട്ടുള്ള മത്സ്യത്തൊഴിലാളികൾക്ക് ആനുകൂല്യം

34 [630] ശ്രീ. എം. എ. വാഹിദ് :

,, ടി. വി. ചന്ദ്രമോഹൻ :

,, സി. പി. മുഹമ്മദ് :

,, ജി. കാർത്തികേയൻ :

,, എം. പി. ഗംഗാധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൗസിംഗ് ബോർഡിൽ നിന്ന് വായ്പയെടുത്തിട്ടുള്ള മത്സ്യത്തൊഴിലാളികൾക്ക് എന്തെല്ലാം ആനുകൂല്യമാണ് പ്രഖ്യാപിച്ചിട്ടുള്ളത് ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly